# <u>റൂറൽ ജില്ലാ പരിധിയിൽ എയർ ഹോൺ മുഴക്കുന്നത് പിടികൂടും</u>

എറണാകുളം റൂറൽ ജില്ലയിലെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ വാഹനങ്ങൾ എയർ ഹോൺ മുഴക്കുന്നത് പിടികൂടുന്നതിന് ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ്.ഐ.പി.എസ് കർശന നിർദ്ദേശം നൽകി.

ബഹു.കേരള ഹൈക്കോടതിയുടെ എയർ ഹോൺ മുഴക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലനിൽക്കേ റൂറൽ ജില്ലയിലെ വാഹനങ്ങളും, പുറമേ നിന്നും ജില്ലയിലേക്ക് വരുന്ന പല വാഹനങ്ങളും എയർ ഹോൺ മുഴക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് ഇത്തരം വാഹനങ്ങൾ പിടികൂടി നിയമ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവി കീഴുദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിരിക്കുന്നത്.

വരുന്ന ദിവസങ്ങളിലെ വാഹനപരിശോധന സമയങ്ങളിൽ പട്രോളിംഗ് വാഹനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്.